REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

തിയ്യതി: 25-05-2024 സമയം 12.30 PM

## പ്രധാന വാർത്തകൾ

- ലോക്സഭാ തെരഞ്ഞെടുപ്പിന്റെ ആറാം ഘട്ട വോട്ടെടുപ്പിൽ സാമാന്യം ഭേദപ്പെട്ട പോളിംഗ്. രാവിലെ 11 വരെ 26 ശതമാനത്തോളം വോട്ട് രേഖപ്പെടുത്തി.
- ഏഴിമല ഇന്ത്യൻ നാവിക അക്കാദമിയിൽ പരിശീലനം പൂർത്തിയാക്കിയ കേഡറ്റുകളുടെ പാസിംഗ് ഔട്ട് പരേഡിൽ വ്യോമസേന മേധാവി എയർ ചീഫ് മാർഷൽ വി.ആർ ചൗധരി അഭിവാദ്യം സ്വീകരിച്ചു.
- തെക്കൻ കേരളത്തിന് മുകളിൽ ചക്രവാത ചുഴി നിലനിൽക്കുന്നതിനാൽ സംസ്ഥാനത്ത് അടുത്ത അഞ്ച് ദിവസം സംസ്ഥാനത്ത് മഴക്ക് സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ് .
- പ്ലസ് വൺ സീറ്റുകളുടെ ആദ്യ അലോട്മെന്റ് തുടങ്ങുന്നതിനു മുമ്പ് ഉണ്ടാകുന്ന പ്രതിഷേധങ്ങൾ രാഷ്ട്രീയ ലക്ഷ്യം മുൻനിർത്തിയാണെന്ന് മന്ത്രി V. ശിവൻകുട്ടി.
- IPL ക്രിക്കറ്റ് ഫൈനലിൽ നാളെ സൺറൈസേഴ്സ് ഹൈദരാബാദ് കൊൽക്കത്ത നൈറ്റ് റൈഡേഴ്സിനെ നേരിടും.

## വാർത്തകൾ വിശദമായി

ലോക്സഭാ തെരഞ്ഞെടുപ്പിന്റെ ആറാം ഘട്ട വോട്ടെടുപ്പിൽ സാമാന്യം ഭേദപ്പെട്ട പോളിംഗ്. രാവിലെ 11 വരെ 25.76 ശതമാനം വോട്ട് രേഖപ്പെടുത്തി.

ആറ് സംസ്ഥാനങ്ങളിലെയും, കേന്ദ്രഭരണ പ്രദേശങ്ങളായ ഡൽഹിയിലെയും, ജമ്മുകശ്മീരിലെയും 58 മണ്ഡലങ്ങളാണ് ഇന്ന് പോളിംഗ് ബൂത്തിൽ എത്തുന്നത്.

പശ്ചിമബംഗാളിലാണ് ഏറ്റവും കൂടുതൽ പേർ വോട്ട് രേഖപ്പെടുത്തിയത്- 36.88 ശതമാനം. ഝാർഖണ്ഡിൽ 27.8 ഉം, ഉത്തർപ്രദേശിൽ 27.06 ഉം, ബിഹാറിൽ 23.67 ഉം ശതമാനം വോട്ടു ചെയ്തു.

ജമ്മുകശ്മീരിൽ 23 ശതമാനത്തിലധികം പേരും, ഹരിയാന, ഡൽഹി എന്നിവിടങ്ങളിൽ 22 വീതവും, ഒഡീഷയിൽ 21 ഉം ശതമാനം പേരാണ് ആദ്യ നാല് മണിക്കൂറിൽ വോട്ട് രേഖപ്പെടുത്തിയത്.

ഉത്തർ പ്രദേശിലെ 14-ഉം, ഹരിയാനയിലെ പത്തും, ബീഹാറിലെയും പശ്ചിമ ബംഗാളിലെയും എട്ട് വീതവും ഡൽഹിയിലെ ഏഴും, ഒഡീഷയിലെ ആറും ജാർഖണ്ഡിലെ നാലും, ജമ്മുകശ്മീരിലെ അനന്ത് നാഗ് - രജൗരിയിലെ ഒന്നും മണ്ഡലങ്ങളിലാണ് ഇന്ന് വിധിയെഴുത്ത്.

ബിജെപി നേതാക്കളായ ധർമേന്ദ്ര പ്രധാൻ, മനേക ഗാന്ധി, മനോഹർ ലാൽ ഖട്ടർ, സംബിത് പത്ര, മനോജ് തിവാരി, കോൺഗ്രസ് നേതാക്കളായ ദീപേന്ദർ സിംഗ് ഹൂഡ, കുമാരി സെൽജ, രാജ് ബബ്ബർ, കനയ്യ കുമാർ, സമാജ്‌വാദി പാർട്ടി നേതാവ് ധർമേന്ദ്ര യാദവ് പിഡിപി അധ്യക്ഷ മെഹബൂബ മുഫ്തി എന്നിവരാണ് ഇന്ന് ജനവിധി തേടുന്നവരിൽ പ്രമുഖർ.

11 കോടി 13 ലക്ഷത്തിലധികം വോട്ടർമാർ 889 സ്ഥാനാർത്ഥികളുടെ രാഷ്ട്രീയ ഭാവി തീരുമാനിക്കും.

ഒഡീഷ നിയമസഭയിലേക്ക് മൂന്നാം ഘട്ടത്തിൽ 42 മണ്ഡലങ്ങളിൽ പോളിംഗ് പുരോഗമിക്കുകയാണ്. ശേഷിക്കുന്ന 42 മണ്ഡലങ്ങളിൽ നാലാമത്തെയും അവസാനത്തെയും ഘട്ടത്തിൽ അടുത്ത ശനിയാഴ്ച്ചയാണ് വോട്ടെടുപ്പ്.

✪✪✪

ലോക്സഭാ തെരഞ്ഞെടുപ്പിന്റെ ആറാം ഘട്ടത്തിൽ എല്ലാ വോട്ടർമാരും വോട്ട് ചെയ്യണമെന്ന് പ്രധാനമന്ത്രി നരേന്ദ്രമോദി അഭ്യർത്ഥിച്ചു. ജനങ്ങൾ തെരഞ്ഞെടുപ്പ് പ്രക്രിയയിൽ വ്യാപൃതരാകുകയും സജീവമാകുമ്പോഴും ചെയ്യുമ്പോഴാണ് ജനാധിപത്യം അഭിവൃദ്ധി പ്രാപിക്കുന്നതെന്ന് അദ്ദേഹം സാമൂഹിക മാധ്യമത്തിൽ കുറിച്ചു.

സ്ത്രീകളോടും യുവാക്കളോടും വോട്ടവകാശം വിനിയോഗിക്കാൻ പ്രധാനമന്ത്രി പ്രത്യേകം നിർദ്ദേശിച്ചു.

✪✪✪

രാഷ്ട്രപതി ദ്രൗപതി മുർമു രാഷ്ട്രപതി ഭവനിൽ വോട്ട് രേഖപ്പെടുത്തി. കോൺഗ്രസ് നേതാക്കളായ സോണിയ ഗാന്ധിയും രാഹുൽഗാന്ധിയും ന്യൂഡൽഹി മണ്ഡലത്തിലെ നിർമ്മല ഭവൻ ബൂത്തിൽ വോട്ട്ചെയ്തു.

✪✪✪

അടുത്ത ശനിയാഴ്ച്ച നടക്കുന്ന ഏഴാമത്തെയും അവസാനത്തെയും ഘട്ട വോട്ടെടുപ്പിന് പ്രചാരണം കൂടുതൽ ഊർജിതമായി. പ്രചാരണം അവസാനിയ്ക്കാൻ ആറ് ദിവസം മാത്രം ബാക്കി നിൽക്കെ ദേശീയ-സംസ്ഥാന നേതാക്കളും സ്ഥാനാർത്ഥികളും മണ്ഡലങ്ങളിൽ എല്ലായിടത്തും എത്തുന്നുണ്ട് .

ഏഴ് സംസ്ഥാനങ്ങളിലും, ചണ്ഡിഗഢിലുമായി 57 സീറ്റുകളിൽ ഏഴാം ഘട്ടത്തിൽ വോട്ടെടുപ്പ് നടക്കുന്നതോടെ 18-ാം ലോക്സഭാ തിരഞ്ഞെടുപ്പ് പൂർത്തിയാകും.

ജനവിധി ജൂൺ നാലിന് അറിയാം.

✪✪✪

ഏഴിമല ഇന്ത്യൻ നാവിക അക്കാദമിയിൽ പരിശീലനം പൂർത്തിയാക്കിയ കേഡറ്റുകളുടെ പാസിംഗ് ഔട്ട് പരേഡ് അക്കാദമി ഗ്രൗണ്ടിൽ നടന്നു. വ്യോമസേന മേധാവി എയർ ചീഫ് മാർഷൽ വി.ആർ ചൗധരി പരേഡിൽ മുഖ്യാതിഥിയായി പങ്കെടുത്ത് അഭിവാദ്യം സ്വീകരിച്ചു. ആധുനിക സാങ്കേതിക വിദ്യയെ പരമാവധി പ്രയോജനപ്പെടുത്താൻ, കാഡറ്റുകളെ അഭിസംബോധന ചെയ്ത വ്യോമസേന മേധാവി പറഞ്ഞു.

216 കാഡറ്റുകളാണ് പരിശീലനം പൂർത്തിയാക്കി പരേഡിൽ അണിനിരന്നത്. 5 വിദേശ രാജ്യങ്ങളിൽ നിന്നു കാഡറ്റുകളും പാസിംഗ് ഔട്ട് പരേഡിൽ പങ്കെടുത്തു.

പരിശീലന കാലത്ത് മികച്ച പ്രകടനം കാഴ്ചവെച്ച യൂണിറ്റുകൾക്കും കാഡറ്റുകൾക്കും വ്യോമസേന മേധാവി അവാർഡുകൾ സമ്മാനിച്ചു. ദക്ഷിണ നാവിക സേന മേധാവി വൈസ് അഡ്മിറൽ വി. ശ്രീനിവാസ്, ഏഴിമല നാവിക അക്കാദമി കമാണ്ടൻറ് വൈസ് അഡ്മിറൽ വിനീത് മക്കാർട്ടി, ഡെപ്യൂട്ടി കമാണ്ടന്റ് റിയർ അഡ്മിറൽ പ്രകാശ് ഗോപാലൻ, റിയർ അഡ്മിറൽ രാജ് വീർ സിംഗ് എന്നിവർ സംബന്ധിച്ചു.

✪✪✪

തെക്കൻ കേരളത്തിന് മുകളിൽ ചക്രവാത ചുഴി നിലനിൽക്കുന്നതിനാൽ സംസ്ഥാനത്ത് അടുത്ത അഞ്ച് ദിവസം ഇടി മിന്നലും കാറ്റോടും കൂടി മഴക്ക് സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ് അറിയിച്ചു. ചില സ്ഥലങ്ങളിൽ ഇന്ന് മുതൽ മൂന്ന് ദിവസം ശക്തമായ മഴക്കും സാധ്യതയുണ്ട്.

ശക്തമായ മഴസാധ്യത കണക്കിലെടുത്ത് ഇന്ന് ഏഴ് ജില്ലകളിൽ മഞ്ഞ ജാഗ്രത പ്രഖ്യാപിച്ചു. കാസർക്കോട്, കണ്ണൂർ, കോഴിക്കോട്, എറണാകുളം, ആലപ്പുഴ, കൊല്ലം തിരുവനന്തപുരം ജില്ലകളിലാണ് മഞ്ഞ ജാഗ്രത.

അതേസമയം, മധ്യകിഴക്കൻ ബംഗാൾ ഉൾക്കടലിലെ തീവ്ര ന്യൂന മർദ്ദം അതിതീവ്ര ന്യൂനമർദ്ദമായി ശക്തി പ്രാപിച്ചു . അടുത്ത 12 മണിക്കൂറിനുള്ളിൽ വീണ്ടും ശക്തി പ്രാപിച്ചു ചുഴലിക്കാറ്റായി മാറാൻ സാധ്യതയുണ്ടെന്നും കേന്ദ്ര കാലാവസ്ഥാ വകുപ്പ് അറിയിച്ചു . നാളെ രാവിലെയോടെ വീണ്ടും ശക്തി പ്രാപിച്ചു തീവ്രചുഴലിക്കാറ്റായി മാറി അർധരാത്രിയോടെ ബംഗ്ലാദേശ്-സമീപ പശ്ചിമ ബംഗാൾ-തീരത്ത് സാഗർ ദ്വീപിനും ഖെപ്പുപാറക്കും ഇടയിൽ കരയിൽ പ്രവേശിക്കാൻ സാധ്യതയുണ്ടെന്നും കേന്ദ്ര കാലാവസ്ഥ വകുപ്പ് അറിയിച്ചു.

✪✪✪

ബംഗാൾ ഉൾക്കടലിൽ രൂപം കൊണ്ട ന്യൂനമർദ്ദത്തിന്റെയും ചുഴലിക്കാറ്റിന്റെയും പശ്ചാത്തലത്തിൽ കേരള-ലക്ഷദ്വീപ് തീരങ്ങളിൽ മണിക്കൂറിൽ 35 മുതൽ 55 കിലോമീറ്റർ വരെ വേഗത്തിൽ കാറ്റു വീശാൻ സാധ്യതയുണ്ടെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ് മുന്നറിയിപ്പ് നൽകി. മൽസ്യത്തൊഴിലാളികൾ കടലിൽ പോകരുതെന്നും നിർദ്ദേശമുണ്ട്.

✪✪✪

റെമാൽ ചുഴലിക്കാറ്റ് കണക്കിലെടുത്ത് ചെന്നൈയ്ക്കും ആൻഡമാനിനും ഇടയിൽ എയർ ഇന്ത്യ വിമാന സർവീസുകൾ റദ്ദാക്കി. കൊൽക്കത്ത, ആൻഡമാൻ, ആന്ധ്ര എന്നിവിടങ്ങളിൽ നിന്ന് പോർട്ട് ബ്ലെയറിലേക്കു വിമാന സർവീസുകൾ ഇനിയൊരു അറിയിപ്പ് ഉണ്ടാകുന്നതുവരെ റദ്ദാക്കിയതായി എയർ ഇന്ത്യ പ്രസ്താവനയിൽ അറിയിച്ചു. വിമാനം റദ്ദാക്കിയതിനാൽ യാത്രക്കാർ ചെന്നൈ വിമാനത്താവളത്തിൽ കുടുങ്ങി.

✪✪✪

കനത്ത മഴയും, ട്രാക്കിലെ തടസ്സങ്ങളും കാരണം സംസ്ഥാനത്ത് ചില ട്രെയിനുകൾ വൈകി ഓടുന്നതായി റിപ്പോർട്ട്. തിരുവനന്തപുരം ഭാഗത്തേക്ക് പോകുന്ന പത്തിലധികം ട്രെയിനുകളാണ് വൈകിയോടുന്നത്.

✪✪✪

UDF നേതൃയോഗം ഇന്ന് തിരുവനന്തപുരത്ത് ചേരും. LDF ഗവൺമെന്റിനെതിരായ പ്രക്ഷോഭങ്ങളുടെ വിശദാംശങ്ങൾ യോഗം ചർച്ച ചെയ്യുമെന്നാണ് റിപ്പോർട്ട്.

✪✪✪

പ്ലസ് വൺ സീറ്റുകളുടെ ആദ്യ അലോട്മെന്റ് തുടങ്ങുന്നതിനു മുമ്പ് ഉണ്ടാകുന്ന പ്രതിഷേധങ്ങൾ രാഷ്ട്രീയ ലക്ഷ്യം മുൻനിർത്തിയാണെന്ന് മന്ത്രി V. ശിവൻകുട്ടി പറഞ്ഞു. സ്കൂൾ തുറക്കുന്നതിനു മുന്നോടിയായി സ്കൂളുകളിൽ ശുചീകരണ ദിനം ആചരിക്കുന്നതിന്റെ സംസ്ഥാനതല ഉദ്ഘാടനം തിരുവനന്തപുരം കരമന ബോയ്സ് ഹൈസ്കൂളിൽ നിർവഹിക്കുകയായിരുന്നു മന്ത്രി.

പ്ലസ് വൺ മൂന്നാം അലോട്മെന്റ് കഴിയുമ്പോൾ എല്ലാ പ്രശ്നങ്ങളും പരിഹരിക്കുമെന്ന് അദ്ദേഹം പറഞ്ഞു. സംസ്ഥാനത്തെ സ്കൂൾ പ്രവേശനോത്സവത്തിന് ഒരുക്കങ്ങൾ പൂർത്തിയായതായും, പാഠപുസ്തകങ്ങൾ ക്ലാസുകൾ ആരംഭിക്കുന്നതിനു മുമ്പ് വിതരണം ചെയ്യുമെന്നും മന്ത്രി പറഞ്ഞു. ലഹരിക്കെതിരെ ശക്തമായ നടപടികളും സ്വീകരിക്കുമെന്നും മന്ത്രി പറഞ്ഞു.

മലപ്പുറത്ത് പ്ലസ് വൺ പ്രതിസന്ധിയുണ്ടെന്ന് പിന്നീട് മാധ്യമപ്രവർത്തകരോട് സംസാരിക്കവെ മന്ത്രി പറഞ്ഞു. എല്ലാം പരിഹരിച്ച് മുന്നോട്ട് പോകും. ബാർ കോഴ ആരോപണം പടച്ചുണ്ടാക്കിയ നുണയാണെന്നും അദ്ദേഹം കുറ്റപ്പെടുത്തി. പ്രതിപക്ഷം എന്തിനും ഏതിനും പ്രതിഷേധം ഉയർത്തുന്നവരാണെന്നും, പഴയ ബാർ കോഴ പോലെയല്ല പുതിയതെന്നും ശിവൻകുട്ടി പറഞ്ഞു.

✪✪✪

IPL ക്രിക്കറ്റ് ഫൈനലിൽ നാളെ സൺറൈസേഴ്സ് ഹൈദരാബാദ് കൊൽക്കത്ത നൈറ്റ് റൈഡേഴ്സിനെ നേരിടും. ചെന്നൈ എംഎ ചിദംബരം സ്റ്റേഡിയത്തിൽ വൈകീട്ട് 7 .30 നാണ് മത്സരം .

ഇന്നലെ ചെന്നൈയിൽ നടന്ന രണ്ടാം ക്വാളിഫയർ മത്സരത്തിൽ രാജസ്ഥാൻ റോയൽസിനെ 36 റൺസിന് പരാജയപ്പെടുത്തിയാണ് സൺറൈസേഴ്സ് ഹൈദരാബാദ് ഫൈനലിൽ എത്തിയത്.

ഹൈദരാബാദ് ഉയർത്തിയ 176 റൺസ് വിജയലക്ഷ്യം പിന്തുടർന്ന രാജസ്ഥാൻ റോയൽസിന്, നിശ്ചിത 20 ഓവറിൽ 7 വിക്കറ്റ് നഷ്ടത്തിൽ 139 റൺസെടുക്കാനേ കഴിഞ്ഞുള്ളൂ.

✪✪✪

ക്വാലാലംപൂരിൽ മലേഷ്യ മാസ്റ്റേഴ്സ് ബാഡ്മിന്റൺ ടൂർണമെന്റിന്റെ വനിതാ സിംഗിൾസിൽ ഇന്ത്യൻ താരം P.V സിന്ധു, ഇന്ന് സെമിയിൽ തായ്‌ലൻഡ് താരത്തെ നേരിടും. ഇന്നലെ ക്വാർട്ടർ ഫൈനലിൽ ചൈനീസ് താരത്തെയാണ് സിന്ധു തോൽപ്പിച്ചത്.

✪✪✪

ദക്ഷിണ കൊറിയയിലെ യെച്ചോണിൽ അമ്പെയ്ത്ത് ലോകകപ്പ് ഫൈനലിൽ വനിതാ ടീം ഇനത്തിൽ ഇന്ത്യ സ്വർണം നേടി. ജ്യോതി സുരേഖ വെണ്ണം, പർണീത് കൗർ, അദിതി സ്വാമി എന്നിവരടങ്ങിയ സഖ്യമാണ് തുർക്കിയെ തോൽപ്പിച്ച് സ്വർണം നേടിയത്. സംയുക്ത ടീം മത്സരത്തിൽ ഇന്ത്യയുടെ ജ്യോതി-പ്രിയാൻഷ് ടീം വെള്ളിമെഡൽ നേടി.

✪✪✪

ഈ വർഷത്തെ കൊച്ചിയിലെ ഹജ്ജ് ക്യാമ്പിന്റെ ഉദ്ഘാടനം വൈകിട്ട് നെടുമ്പാശേരി വിമാനത്താവളത്തിലെ ഹജ്ജ് കേന്ദ്രത്തിൽ നടക്കും. മന്ത്രിമാരായ വി. അബ്ദുറഹ്മാൻ, പി. രാജീവ്, പ്രതിപക്ഷ നേതാവ് V.D സതീശൻ തുടങ്ങിയവർ പങ്കെടുക്കും.

നാളെ സൗദി എയർലൈൻസിന്റെ ആദ്യ വിമാനം ഉച്ചയ്ക്ക് 279 ഹാജിമാരുമായി ജിദ്ദയിലേക്ക് പുറപ്പെടും.

✪✪✪

പാവപ്പെട്ടവർക്ക് യാതൊരു സഹായവും നൽകാത്ത ഭരണമാണ് മുഖ്യമന്ത്രി പിണറായി വിജയന്റേതെന്ന് KPCC പ്രസിഡന്റ് കെ സുധാകരൻ കുറ്റപ്പെടുത്തി. LDF ഭരണത്തിന്റെ തെറ്റായ നയങ്ങളിൽ പൊറുതി മുട്ടിയ ജനതയുടെ വികാരമാണ് ലോക്സഭാ തെരഞ്ഞെപ്പിൽ പ്രതിഫലിച്ചിട്ടുണ്ടാവുകയെന്ന് സുധാകരൻ തിരുവനന്തപുരത്ത് പറഞ്ഞു.

✪✪✪

പെരിയാറിൽ മത്സ്യങ്ങൾ ചത്തുപൊങ്ങിയ സംഭവത്തെ തുടർന്ന് മലിനീകരണ നിയന്ത്രണബോർഡിന്റെ പരിസ്ഥിതി എൻജിനീയർ സതീഷ് ജോയിയെ സ്ഥലം മാറ്റി. സംഭവത്തിൽ സബ്കളക്ടറുടെ പ്രാഥമിക അന്വേഷണ റിപ്പോർട്ട് ഇന്ന് കളക്ടർക്ക് സമർപ്പിക്കും.

✪✪✪

സംസ്ഥാനത്തെ വൃക്ക റാക്കറ്റിലെ മുഖ്യ പ്രതി സാബിത്ത് നാസറിന്റെ അടുത്ത കൂട്ടാളികളെന്ന് കരുതുന്ന ഏതാനും പേരെ തമിഴ്നാട് സ്പെഷ്യൽ പൊലീസ് കസ്റ്റഡിയിലെടുത്തു. ഇറാനിലേക്കും, മറ്റു പശ്ചിമേഷ്യൻ രാജ്യങ്ങളിലേക്കും സാബിത്തിന്റെ യാത്രകൾ നിരീക്ഷിച്ച കേന്ദ്ര രഹസ്യാന്വേഷണ ഏജൻസികൾ നൽകിയ സൂചനയെ തുടർന്നാണ് ഇവരെ കസ്റ്റഡിയിലെടുത്തത്. കൂടുതൽ വിവരങ്ങൾ പൊലീസ് വെളിപ്പെടുത്തിയിട്ടില്ല. കഴിഞ്ഞ 19 നാണ് കൊച്ചി അന്താരാഷ്ട്ര വിമാനത്താവളത്തിൽ സാബിത്ത് നാസർ പിടിയിലായത്.

✪✪✪

ആക്രിക്കച്ചവടത്തിന്റെ മറവിൽ കോടികളുടെ നികുതിവെട്ടിപ്പ് നടത്തിയ ഒരാളെ അറസ്റ്റു ചെയ്തതായി സംസ്ഥാന GST കമ്മീഷണർ അറിയിച്ചു. ഓപ്പറേഷൻ പാം ട്രീ എന്ന പേരിൽ GST ഇന്റലിജൻസ് എൻഫോഴ്സ്മെന്റ് വിഭാഗം നടത്തിയ റെയ്ഡിൽ, സന്ദീപ് സതിസുധ എന്നയാളാണ് അറസ്റ്റിലായത്. നികുതിവെട്ടിപ്പ് നടത്തുന്ന സംഘങ്ങൾക്കെതിരെ ശക്തമായ നടപടി തുടരുമെന്നും കമ്മീഷണർ വ്യക്തമാക്കി.

✪✪✪

കൊച്ചി അന്താരാഷ്ട്ര വിമാനതാവളത്തിൽ എത്തിയ ആഭ്യന്തര യാത്രക്കാരനെ വെടിയുണ്ടയുമായി പിടികൂടി. മഹാരാഷ്ട്ര സ്വദേശിയായ യാഷറന്നു സിംഗ് എന്ന യാത്രക്കാരനാണ് പിടിയിലായത്. ചെക്ക് - ഇൻ ബാഗിൽ നിന്നാണ് വിമാനത്താവളത്തിലെ സുരക്ഷ വഹിക്കുന്ന CISF ഉദ്യോഗസ്ഥർ വെടിയുണ്ട കണ്ടെടുത്തത്. ഇയാളെ നെടുമ്പാശ്ശേരി പോലീസിന് കൈമാറി.

✪✪✪